ണ്ടിരിക്കുന്നത്. ഇത് നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട അംഗം പറഞ്ഞ ചില പ്രശ്നങ്ങളുണ്ട്. അത് ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുകയും ഇതുസംബന്ധിച്ച നടപടി സ്വീകരിക്കുകയും ചെയ്യും.

മി. സ്പീക്കർ, ചോദ്യം 63

3 (*63) നെൽകൃഷി വികസന ബോർഡ്

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി വികസന ബോർഡിന് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) ബോർഡ് രൂപീകരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഡി) നെൽക്കൃഷി വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ബോർഡ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നെൽക്കൃഷി വികസന ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) സംസ്ഥാനത്ത് ഒരു നെൽക്കൃഷി വികസന ബോർഡ് രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മേഖലാടിസ്ഥാനത്തിൽ രൂപീകൃതമായ 10 വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഗുണകരമായി ഏകോപിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, നെൽക്കൃഷി വികസനത്തിന് ജലസേചന വൈദ്യുതി-ഫിഷറീസ് വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തുക, നെല്ലു സംഭരണ സംസ്കരണ വിപണന പദ്ധതി കൂടുതൽ ക്രിയാത്മകമാക്കുക മേൽത്തരം വിത്തുകൾ യഥാസമയം ലഭ്യമാക്കുക എന്നിവയാണ് മുഖ്യമായ ലക്ഷ്യങ്ങൾ.

(ഡി) സെപ്തംബർ മാസം മുതൽ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ നെൽക്കൃഷി രംഗത്ത് ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : നെൽക്കൃഷി വികസന ബോർഡ് എന്നത്തേയ്ക്ക് നിലവിൽ വരും, എന്തായിരിക്കും അതിന്റെ ഘടനയെന്നു വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഈ ബോർഡ് രൂപീകരിക്കുന്നതിന് വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്. രണ്ട് മാസത്തിനകം ഈ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം ഉണ്ടാകും. അതിൽ ഔദ്യോഗികാംഗങ്ങളും കർഷകരെ പ്രതിനിധീകരിക്കുന്ന അനൗദ്യോഗിക അംഗങ്ങളുമുള്ള ഒരു ജനറൽ കൗൺസിൽ, അതിന് ഒരു ചെയർമാനും ഇതിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവുമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : ഈ മേഖലാടിസ്ഥാനത്തിൽ രൂപീകൃതമായിട്ടുള്ള 10 വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഗുണകരമായി ഏകോപിപ്പിക്കുമെന്നാണ് പറഞ്ഞത്. ഈ വികസന ഏജൻസികളുടെ പരിധിയിൽ വരാത്ത നെൽക്കൃഷി മേഖലയിൽ ഈ ബോർഡിന്റെ പ്രവർത്തനം എങ്ങനെ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പ്രധാനമായും നെൽക്കൃഷി മേഖലയിലുള്ള 10 നെൽക്കൃഷി പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് 10 നെൽക്കൃഷി വികസന ഏജൻസികൾ രൂപീകരിക്കുന്നതിന് അന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ഈ ഏജൻസികൾ ഇല്ലാത്ത മലപ്പുറം, കോഴിക്കോട്, കാസർഗോഡ് തുടങ്ങിയിട്ടുള്ള പ്രദേശങ്ങളിൽ നെൽക്കൃഷിയുണ്ട്. ആ പ്രദേശങ്ങളിലെ നെൽക്കൃഷി വികസനം കൂടി ഈ ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. ഇപ്പോൾ ഏജൻസികൾ ഇല്ലാത്ത പ്രദേശത്തെ നെൽകൃഷികൂടി സംരക്ഷിച്ച് വികസിപ്പിക്കുകയെന്നുള്ളത് വികസന ബോർഡിന്റെ ലക്ഷ്യമാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : പൊക്കാളി കൃഷി വികസന ഏജൻസി വന്നതോടുകൂടി ഞങ്ങളുടെ മേഖലയിൽ കൃഷിക്ക് വലിയ താൽപ്പര്യവും കർഷകത്തൊഴിലാളികൾക്ക് പണി എടുക്കാനുള്ള താൽപ്പര്യവും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അത് പൂർണ്ണമായി ഉപയോഗിക്കണമെങ്കിൽ ഇപ്പോൾ ഈ മേഖലയിൽ 6 മാസക്കാലം ചെമ്മീൻ കൃഷിയും 6 മാസക്കാലം കൃഷിയും എന്നതാണ് രീതി. ചെമ്മീൻ കൃഷിയാണെങ്കിൽ കൃത്യസമയത്ത് അതിന്റെ ബണ്ട് ഉയർത്താതെ നീട്ടിക്കൊണ്ടുപോകുന്നതുമൂലം കൃത്യസമയത്ത് ശുദ്ധജലം കൃഷിക്ക് അനുയോജ്യമായ രീതിയിൽ എത്തിക്കാൻ കഴിയാതെ വരുന്നു. ഈ കാര്യത്തിൽക്കൂടി കൃഷിവകുപ്പ് ഇടപെട്ട് ചെമ്മീൻ കൃഷിക്ക് ബണ്ട് ഉയർത്തൽ കൃത്യസമയത്ത് നടത്താൻ ശ്രമം നടത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പൊക്കാളി നെൽക്കൃഷിമേഖലയിൽ സ്ഥിരം ബണ്ട് ഉണ്ടാക്കുന്നതിനാവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റിനുണ്ട്. കേന്ദ്രഗവൺമെന്റ് തന്നെ ഈ പ്രശ്നപ്രദേശങ്ങളിൽ നെൽക്കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പഠനം നടത്തി പദ്ധതികൾ തയ്യാറാക്കിയിരുന്നു. അതിൽ പൊക്കാളി നെൽക്കൃഷി വികസന ഏജൻസി കൂടുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കൂടി സജ്ജമാകുമ്പോൾ എല്ലാ ഇടവമാസത്തിലും തന്നെ പൊക്കാളി കൃഷി ഇറക്കാനായിട്ടുള്ള സംവിധാനം ഉറപ്പു വരുത്തും.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, അങ്ങയുടെ തീരുമാനം വളരെ നല്ലതാണ്. ഇന്നിപ്പോൾ നെൽക്കൃഷി നടക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക സർവ്വകലാശാലയും അതുപോലെതന്നെ വിവിധ വികസന ഏജൻസികളുമെല്ലാം നല്ല നിലയ്ക്ക് പഠനം നടത്തി മൊത്തം നെൽക്കൃഷി നടക്കുന്ന പ്രദേശത്തെ സംബന്ധിച്ച് ഒരു മാപ്പ് തയ്യാറാക്കുകയും ആ മാപ്പിന്റെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും എത്ര പൂവ് കൃഷി ചെയ്യാൻ കഴിയും; അവിടെ എന്ത് വിളവ് ഉണ്ടാക്കാൻ കഴിയും, തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ആ മാപ്പിന്റെ അടിസ്ഥാനത്തിൽ ആ നെൽക്കൃഷി നടത്തുന്ന പ്രദേശത്ത് മറ്റുവിധത്തിൽ പരിവർത്തനപ്പെടുത്താതിരിക്കാൻ കഴിയുന്ന വിധത്തിൽ ഒരു നിയമം കൊണ്ടുവരുകയും ചെയ്യാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, നെൽക്കൃഷി മേഖലയുമായി ബന്ധപ്പെട്ട് ഒരു മാപ്പ് തയ്യാറാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിൽ പല തട്ടുകളായി അതിനെ തിരിക്കേണ്ടതുണ്ട്. പ്രശ്ന പ്രദേശങ്ങളായിട്ടുള്ള നെൽക്കൃഷി മേഖലയുണ്ട്. ആ മേഖലകളെ പ്രത്യേകം തിരിച്ച് സംരക്ഷിക്കേണ്ടതുണ്ട്. അങ്ങനെ മാപ്പ് തയ്യാറാക്കി അതിനാവശ്യമായിട്ടുള്ള സംവിധാനങ്ങളുണ്ടാക്കി നെൽകൃഷി വികസിപ്പിക്കുന്നതിന് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന സാമ്പത്തികസഹായങ്ങൾ ചെയ്ത് സംരക്ഷിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. നെൽപ്പാടങ്ങൾ നികത്തുന്നത് പൂർണ്ണമായും തടയുന്നതിനുവേണ്ടി ഇന്ന് ഭൂവിനിയോഗ ചട്ടങ്ങൾ കർക്കശമായി നടപ്പാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. നിയമസഭയുടെ തന്നെ ഒന്നാം നമ്പർ വിഷയ നിർണ്ണയ കമ്മിറ്റി അതിനെ സംബന്ധിച്ച് ഒരു ശുപാർശ ഗവൺമെന്റിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ആ ശുപാർശയുടെ അടിസ്ഥാനത്തിൽ 1997-ലെ ചട്ടങ്ങളിൽ സാരമായ മാറ്റം വരുത്തുന്നതിനാവശ്യമായിട്ടുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ടി.കെ. ബാലൻ</u> : കൃഷി ചെയ്യുന്നതിന് വേണ്ടത്ര കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. നമ്മുടെ ജനകീയാസൂത്രണത്തിൽതന്നെ ചില പഞ്ചായത്തുകളിൽ കർഷകത്തൊഴിലാളികളെ ലഭിക്കുവാനാവശ്യമായ ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രൂപീകരിക്കാനുദ്ദേശിക്കുന്ന ബോർഡ് എന്നത് അഗ്രികൾച്ചർ ലേബേഴ്സ് മാൻപവർ ബാങ്കുകളുണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം കാര്യമായി പരിഗണിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഗവൺമെന്റ് ഇപ്പോൾതന്നെ ഉദ്ദേശിച്ചിട്ടുള്ളത് നമ്മുടെ നെൽക്കൃഷി മേഖലയിലെ പ്രധാനപ്പെട്ട കൃഷിഭവനുകളിൽ നെൽക്കൃഷി ചെയ്യുന്നതിന് തയ്യാറായി മുന്നോട്ടുവരുന്ന കർഷകത്തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും അങ്ങനെ ലഭിക്കുന്ന കർഷകത്തൊഴിലാളികളെ ഓരോ പ്രദേശത്തിന്റേയും ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു സമീപനമാണ്. അങ്ങനെ നെൽക്കൃഷിയിൽ ജോലി ചെയ്യാൻ വരുന്ന കർഷകത്തൊഴിലാളികൾ, ജോലി ചെയ്യുന്നവരുടെ ദിവസങ്ങൾ നോക്കിയും കൊയ്ത്തിന് തയ്യാറായിട്ടുവരുന്ന കർഷകത്തൊഴിലാളികൾ കൊയ്ത്തിന് അവർ ബന്ധപ്പെടുന്ന ദിവസങ്ങൾ നോക്കിയും ഒരു ബോണസ് നൽകാനായി ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. ടി. കെ. ബാലൻ</u> : വടക്കൻ മേഖലകളിൽ ഇന്ന് പാഡിസ്ട്രാ കിട്ടാൻ വളരെ വിഷമമാണ്. കർണ്ണാടക സ്റ്റേറ്റിലാണ് പ്രധാനമായിട്ടും കന്നുകാലി കൃഷിക്കാർ വയ്ക്കോലിനുവേണ്ടി ആശ്രയിക്കുന്നത്. ഇത് മൃഗ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ വകുപ്പുമന്ത്രിയുടെ പരിധിയിൽപ്പെട്ടതാണോ എന്നറിയില്ല. ഏതായാലും ഈ ബോർഡ് നിലവിൽ വന്നുകഴിഞ്ഞാൽ പാഡിസ്ട്രാ പ്രൊക്യുവർ ചെയ്യാൻവേണ്ടി, അതുപോലെതന്നെ അതു സപ്ലൈ ചെയ്യാൻ വേണ്ടി ഫലപ്രദമായ എന്തെങ്കിലും സംവിധാനങ്ങൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : അത് ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങളിലൊന്നാണ്. പ്രധാനമായിട്ടും വയ്ക്കോൽ സംരക്ഷിച്ച് നൽകുന്നതിന് അശാസ്ത്രീയമായ സമീപനമാണ് ഇന്ന് സ്വീകരിക്കുന്നത്. അതു കൊണ്ട് വയ്ക്കോൽ ഡൈലേജാക്കി മാറ്റി നന്നായി സംരക്ഷിച്ചുവച്ചാൽ അത് കറവമാടുകൾക്ക് ഏറെ ഉപകാരപ്രദമായ രീതിയിൽ നൽകാനായി കഴിയും. അത്തരമൊരു സമീപനം കൂടി ഈ ബോർഡിന്റെ പ്രവർത്തനപരിധിയിൽ വരുന്നുണ്ട്.

<u>ശ്രീമതി എൻ. കെ. രാധ</u> : ചില അന്താരാഷ്ട്ര ഏജൻസികൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അന്തകൻ വിത്ത് കേരളത്തിൽ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നതായി മനസ്സിലാക്കാൻ സാധിച്ചു. അത് തടയുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : അതിനെക്കുറിച്ച് ചില പത്ര വാർത്തകൾ വരുന്നതല്ലാതെ അന്തകൻ വിത്ത് കേരളത്തിനകത്ത് വന്നിട്ടില്ല എന്നുള്ളതാണ് കൃഷി വകുപ്പിന്റെ പരിശോധനയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്തായാലും ഈ വിത്ത് ഏത് മേഖലയിൽ ഉള്ളതായാലും ശരി കേരളത്തിലെ കൃഷി മേഖലയിൽ ഉപയോഗപ്പെടുത്താതിരിക്കാൻ ആവശ്യമായിട്ടുള്ള കർക്കശമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി എൻ. കെ. രാധ</u> : കേരളത്തിൽ ഇപ്പോൾ വികസന ബോർഡ് രൂപീകരിക്കുമെന്ന് മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്നും അതോടൊപ്പം തന്നേ കേരള സംസ്ഥാനത്ത് വസുമതി നെല്ല് വ്യാപിപ്പിക്കാനുള്ള നടപടി കൂടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : നെൽക്കൃഷി വികസന ബോർഡിന്റെ കേന്ദ്രം എവിടെ ആണെന്നു ഇപ്പോൾ പറയാൻ പറ്റില്ല. അത് നെൽക്കൃഷി മേഖലയുമൊക്കെയായി ബന്ധപ്പെട്ടിട്ട് അതിന്റെ കേന്ദ്രം എവിടെ എന്നു നോക്കി അതിനെക്കുറിച്ച് ആലോചിക്കാം. വസുമതി നെല്ലിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് പരീക്ഷണാർത്ഥം കേരളത്തിൽ കൃഷി ചെയ്തു. ഫാമിംഗ് കോർപ്പറേഷനാണ് അത് കൃഷി ചെയ്തത്. ആ കൃഷി വളരെ വിജയകരമായിരുന്നു. അത് കൊയ്ത് മെതിച്ചു കഴിഞ്ഞപ്പോൾ 52 മേനി വിളവുണ്ടായി. 120 ദിവസമാണ് അത് കൊയ്യാനാവശ്യമായിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് പല പ്രദേശങ്ങളിലും പുഞ്ചക്കൃഷിക്കുവേണ്ടി ഇത്തരം വിത്ത് വ്യാപിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ വർഷത്തെ പുഞ്ചക്കൃഷിക്ക് 100 ഹെക്ടർ സ്ഥലത്ത്, വസുമതി വിത്ത് കൃഷി ചെയ്യാനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : നെല്ലിന്റെ വിലയിടിയുന്ന അവസരത്തിൽ കർഷകരെ സഹായിക്കുന്നതിനായി നെല്ല് സംഭരിക്കാനും അരിയാക്കി വിതരണം ചെയ്യാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കർഷകന് ന്യായമായ വില ലഭ്യമല്ലാത്ത സാഹചര്യത്തിൽ കർഷകരിൽ നിന്ന് നെല്ല് ശേഖരിക്കുന്നതിനും അത് സംസ്ക്കരിച്ച് അരിയാക്കാനും ആ അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ആ നടപടികൾ ഇപ്പോൾതന്നെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അത് കുറെക്കൂടി ശക്തമായ രീതിയിൽ വരുന്ന വർഷങ്ങളിൽ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : നെൽക്കൃഷി നശിച്ച കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നെൽ വിത്തുകളുടെ ബഫർ സ്റ്റോക്ക് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നെൽവിത്തിനെ സംബന്ധിച്ചാണ് അടുത്ത ചോദ്യം. ആ ചോദ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന് മറുപടി പറയാം.

മി. സ്പീക്കർ : അത് മതിയാകും.

ശ്രീ. കെ.എം. മാണി : കുട്ടനാടൻ നെൽക്കൃഷിക്കാർക്കുള്ള ബുദ്ധിമുട്ട് കൊയ്ത്ത് സീസണിൽ വിലയില്ലെന്നുള്ളതാണ്. ഡിസ്ട്രസ് സെയിലാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. അവർ നമുക്ക് ന്യായമായ വില നൽകി നെല്ല് സംഭരിക്കുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആലപ്പുഴയിൽ ചെന്ന് ഒരു പ്രസ്താവന ഇറക്കുകയുണ്ടായി. ഒരു കിന്റലിന് 725 രൂപയ്ക്ക് നെല്ല് സംഭരിക്കുമെന്ന്. പക്ഷേ സംഭരിച്ചത് 650 രൂപയ്ക്കാണ്. ഈ രീതി അല്ലാതെ ഉൽപ്പാദന ചെലവ് കണക്കിലെടുത്തുകൊണ്ട് ഒരു റെമ്യൂണറേറ്റീവ് പ്രൈസ് ഫിക്സ് ചെയ്തുകൊണ്ട് കാലാകാലങ്ങളിൽ നെല്ല് സംഭരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ആ പ്രസ്താവന അദ്ദേഹം വായിച്ചതിൽ പിശക് പറ്റിയതാണ്. തൃശൂരിൽ 725 മുതൽ 750 രൂപ വരെ ഒരു കിന്റലിന് വിലയുണ്ടായിരുന്നു. അത് അവിടത്തെ സഹകരണസംഘവും അതുപോലെതന്നെ കോൾ കർഷകസംഘവും കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരും കൂടി നിശ്ചയിച്ച് സംഭരിച്ചതാണ്. പാലക്കാട് 700 രൂപവരെ നെല്ലിന് വിലയുണ്ടായിരുന്നു. കുട്ടനാട് വില നിശ്ചയിച്ചത് 650 രൂപയാണ്. ആ 650 രൂപയ്ക്കുതന്നെ സഹകരണസംഘങ്ങൾ എടുക്കാൻ തയ്യാറായില്ല. മഴപെയ്തതോടുകൂടി 540 രൂപയായി കുറഞ്ഞു. വെയർ ഹൗസിംഗ് കോർപ്പറേഷൻ 650 രൂപയ്ക്ക് നെല്ല് സംഭരിച്ചു. അതിനെത്തുടർന്ന് നെല്ലുവില ഉയരുകയും കുട്ടനാട്ടിലെ കർഷകർക്ക് സാമാന്യമായ വില ഈ വർഷം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ഇരുപ്പൂ കൃഷിക്ക് മുൻകൂട്ടി തന്നെ നെല്ല് ശേഖരിക്കാനുള്ള എല്ലാ സംവിധാനങ്ങളും തയ്യാറാക്കാനാണ് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സത്യൻ മൊകേരി : നെൽക്കൃഷി ആദായകരമാക്കുന്നതിനു വേണ്ടി സംയുക്ത കൃഷിരീതി സ്വീകാര്യമാണെന്നും പ്രയോജനപ്രദമാണെന്നും കൃഷിക്കാർ പറയുന്നുണ്ട്. സംയുക്ത കൃഷി രീതിയെന്ന് പറയുന്നത് നെൽക്കൃഷി, മത്സ്യക്കൃഷി വീണ്ടും നെൽക്കൃഷി അതുപോലെതന്നെ നെൽക്കൃഷിയോടൊപ്പം മത്സ്യക്കൃഷി ചെയ്യുക, ഈ രൂപത്തിലുള്ള കൃഷി രീതി നടപ്പിലാക്കിയിട്ടുള്ള പല സംസ്ഥാനങ്ങളിലും വിജയപ്രദമാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ചർച്ച ചെയ്യുമോ. കൃഷി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള ശ്യാമസുന്ദരൻ നായരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുരെ സമർപ്പിച്ചതായി മനസ്സിലാകുന്നില്ല. എത്രയും പെട്ടെന്ന് തന്നെ ആ റിപ്പോർട്ട് വാങ്ങുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ നെൽക്കൃഷി ആദായകരമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റ് പെട്ടെന്ന് നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ നെൽക്കൃഷി കൂടുതൽ ആദായകരമാക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഒരു കൃഷി നെല്ല്, ഒരു കൃഷി മത്സ്യം അത് കേരളത്തിന്റെ ചില നെൽക്കൃഷി മേഖലയിൽ മാത്രമേ സാദ്ധ്യമാകൂ. പൊക്കാളി നെൽക്കൃഷി മേഖലയിൽ അത് സാദ്ധ്യമാകും. കുട്ടനാട്ടിലെ ചില പ്രദേശങ്ങളിൽ അത് സാദ്ധ്യമാകും. അത് സാർവ്വത്രികമായിട്ട് കേരളത്തിന്റെ നെൽക്കൃഷി മേഖലയിൽ സാദ്ധ്യമല്ല. നെല്ലും മത്സ്യവും ഒരുമിച്ച് കൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. അതിന്റെ അനുഭവങ്ങൾ എന്താണെന്നു പഠിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. അത് കേരളത്തിൽ പ്രായോഗികമാണോയെന്ന കാര്യം അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷിക്കാം.

ശ്രീ. കെ.എ. ചന്ദ്രൻ : നെൽക്കർഷകർക്ക് അല്പം ആശ്വാസം നൽകാൻ 10 നെൽക്കൃഷി വികസന ഏജൻസികൾ രൂപീകരിക്കുകയും രണ്ട് സാമ്പത്തിക വർഷത്തിൽ കുറെ സാമ്പത്തികസഹായം ഏജൻസികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ അത് പൂർണ്ണമായി അല്ല, അൽപ്പം പോലും വിനിയോഗിക്കാൻ കഴിയാത്ത ഏജൻസികളാണ് മിക്കതും. കാരണം ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു ഏജൻസി മാത്രമാണിത്. ഇതുവരെ ഒരു സൊസൈറ്റിയോ ബോർഡോ അല്ലാത്തതുകൊണ്ട് അനുവദിച്ച സംഖ്യ യഥാവിധി ചെലവഴിക്കാൻ അതിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള ആളുകൾ ഭയപ്പെടുന്നു. അതുകൊണ്ട് അനുവദിച്ച സംഖ്യയെങ്കിലും യഥാവസരം ഏജൻസിയുടെ തീരുമാനമനുസരിച്ച് സംശയലേശമന്യേ ഉപയോഗിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഏജൻസികൾക്ക് അനുവദിച്ചിട്ടുള്ള സംഖ്യ ഏജൻസിയുടെ തീരുമാനപ്രകാരംതന്നെ നെൽക്കൃഷി വികസനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടി മെച്ചപ്പെടുത്താൻ വേണ്ടി വിനിയോഗിക്കാവുന്നതാണ്. അതിനാവശ്യമായ നിർദ്ദേശം കൊടുക്കും.

ശ്രീ. സി.പി. ബാലൻ വൈദ്യർ : നമ്പർ-1 സബ്ജക്ട് കമ്മിറ്റി നെൽക്കൃഷി ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായി പരിശോധന നടത്തുന്നുണ്ട്. അതിൽ ബഹുമാനപ്പെട്ട മന്ത്രി വഹിക്കുന്ന പങ്കും വളരെ പ്രധാനപ്പെട്ടതാണ്. അതിൽ വന്ന പ്രസക്തി അടിസ്ഥാനപ്പെടുത്തികൊണ്ടാണ് ഞാൻ ചോദ്യം ചോദിക്കുന്നത്. നെൽക്കൃഷി നിലനിറുത്തണമെങ്കിലും അഭിവൃദ്ധിപ്പെടുത്തണമെങ്കിലും നെൽക്കൃഷി നടത്തണമെന്ന ബോധം കർഷകരിൽ ഉണ്ടാകണം. അതിൽ ഏറ്റവും തടസ്സമായി നിൽക്കുന്നത് നെൽപ്പാടങ്ങൾ മറ്റ് മേഖലയിലേക്ക് മാറ്റപ്പെടുന്നതാണ്. എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചാലും പല പഴുതുകൾ ഉപയോഗിച്ച് നെൽപ്പാടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയാൻ ഗവൺമെന്റ് നിർദ്ദേശം കൊടുക്കുമോ, നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾതന്നെ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം നെൽപ്പാടം നികത്തുന്നതിനുവേണ്ടി കൃഷി വകുപ്പ് അനുവാദം കൊടുത്തിട്ടില്ല. ജില്ലാ കളക്ടറോട് അനുവാദം കൊടുക്കാൻ പാടില്ലായെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അനധികൃതമായിട്ട് എവിടെയെങ്കിലും നെൽപ്പാടം നികത്തുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെതിരായിട്ടുള്ള കർക്കശമായ നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : നെൽക്കൃഷിയേയും നെൽക്കൃഷി വികസനത്തേയും ഗാട്ട്കരാറും പാറ്റന്റും ബാധിക്കുന്നുണ്ട്. ഇതിനായി നമ്മൾ നടത്തുന്ന ശ്രമങ്ങൾ പാഴായി പോകുന്നു. വസുമതിക്ക് പുറത്ത് പാറ്റന്റ് എടുത്തതായി ഇപ്പോൾ വാർത്ത കാണുന്നു. അതിന്റെ ദോഷഫലങ്ങൾ സംസ്ഥാന തലത്തിൽ ഒഴിവാക്കാൻ എന്തെങ്കിലും നടപടി ഇപ്പോൾ എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഒരു സംസ്ഥാന ഗവൺമെന്റ് വിചാരിച്ചതുകൊണ്ടുമാത്രം അതിനെ തടയാൻ സാദ്ധ്യമല്ല. ആ കരാറിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കാർഷികമേഖല ഇന്ന് നേരിടുന്ന ആപൽക്കരമായ സ്ഥിതിവിശേഷത്തിൽനിന്നും നമ്മുടെ സംസ്ഥാനത്തെ കാർഷികമേഖല സംരക്ഷിക്കപ്പെടണമെങ്കിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കണം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് കർഷകരെ അതിന് സജ്ജീവമാക്കുന്നതിനുള്ള ചില നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : കാർഷിക വികസന ഏജൻസികളും അതുപോലെ വിവിധ ഏജൻസികളും ഉൽപ്പാദനം വർദ്ധിപ്പിക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ വിജയിക്കണമെങ്കിൽ ആവശ്യമുള്ള അത്യുൽപാദനശേഷിയുള്ള വിത്ത് ലഭിക്കണം. പാലക്കാട് ജില്ലയുടെ കിഴക്കൻ ഭാഗത്ത് പ്രത്യേകിച്ച് തമിഴ്നാടുമായി ബന്ധപ്പെട്ട കാലാവസ്ഥ നിലനില്ക്കുന്ന പ്രദേശങ്ങളിൽ കാർഷിക ഗവേഷണശാലയിൽനിന്നും വികസിപ്പിച്ചെടുക്കുന്ന വിത്ത് ഉപയോഗിക്കുവാൻ സാദ്ധ്യമല്ല. അവിടത്തെ കൃഷിക്കാർ പരീക്ഷണം നടത്തി വിജയം കണ്ടെത്തിയിട്ടുള്ള നാടൻ വിത്തുണ്ട്. ആ വിത്ത് കാർഷിക സർവ്വകലാശാല അംഗീകരിച്ചിട്ടില്ല. കാർഷിക സർവ്വകലാശാല ആ വിത്ത് അംഗീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകാൻ തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇവിടെ ഒരു വിത്ത് നയം ഉണ്ടായിരുന്നില്ല. നമ്മുടെ നെൽക്കർഷകർക്ക് വിത്ത് ആവശ്യമായി വരുമ്പോൾ നാഷണൽ സീഡ് കോർപ്പറേഷനെ ആശ്രയിക്കുകയും അവർ ആ വിലയ്ക്കു വിത്ത് മേടിച്ച് കൃഷി ചെയ്യുകയും ചെയ്യുന്ന ആ രീതിയാണ് ഇപ്പോൾ നടന്നു വരുന്നത്. അതിന് വ്യത്യസ്തമായിട്ട് കേരളത്തിന്റെ ഓരോ പ്രദേശത്തിനും അനുയോജ്യമായിട്ടുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അത് ശേഖരിച്ച് കൃഷിക്കാരന് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ഒരു സീഡ് അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു. അതിന്റെ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഈ സെപ്തംബർ മാസത്തിൽ ഇരുപ്പൂ കൃഷിയോടുകൂടി നമ്മുടെ സംസ്ഥാനത്തിനാവശ്യമായ വിത്ത് ഇവിടെത്തന്നെ ഉൽപാദിപ്പിക്കും. കാർഷിക സർവ്വകലാശാല, ഗവൺമെന്റ് ഫാമുകൾ, തെരഞ്ഞെടുക്കപ്പെട്ട കർഷകർ, അങ്ങനെ സംയുക്തമായിട്ടാണ് വിത്ത് ഉൽപാദിപ്പിക്കുന്നതിനും സ്വീകരിക്കുവാനും വിതരണം ചെയ്യുവാനും തീരുമാ

നിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായിട്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച തുപോലെ കുഞ്ഞ്കുഞ്ഞ് എന്ന വിത്തുണ്ട്, പാലക്കാട് പ്രാദേശികമായിട്ട് കർഷകർ വികസിപ്പിച്ചെടുത്തിട്ടുള്ള വിത്താണത്. ആ വിത്ത് വിതരണം ചെയ്യാനായിട്ട് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കുഞ്ഞ്കുഞ്ഞ് നല്ല വിത്താണ്. പത്ത് നാൽപത് മേനി വിളയും, അതിന് വേറെ പേര് വേണമെങ്കിൽ കൊടുക്കാം. പൊന്നി എന്നുപറയുന്ന ഒരു തരം വിത്തുണ്ട്. പാലക്കാട് പ്രാദേശികമായി വികസിപ്പിച്ചെടുത്ത് വിജയിച്ച വിത്താണ്. പ്രാദേശികമായിട്ട് കൃഷിക്കാരുടെ അനുഭവങ്ങളിലൂടെ വികസിപ്പിച്ചെടുത്ത വിത്തിനങ്ങൾ അത് വികസിപ്പിച്ച് സംരക്ഷിച്ച് കർഷകർക്ക് കൊടുക്കുകയെന്നുള്ളത് ഈ നയത്തിന്റെ ഭാഗമാണ്.

ശ്രീ. എം. മുരളി : നെൽക്കർഷക മേഖലയിൽ പ്രത്യേകിച്ച് കുട്ടനാട് മേഖലയിൽ വർഷങ്ങളായി പാടശേഖരങ്ങൾക്ക് നൽകുന്ന പമ്പിംഗ് സബ്സിഡി പുഞ്ച സ്പെഷ്യൽ ഓഫീസ് വഴിയാണ് വിതരണം ചെയ്യുന്നത്. ഇന്ന് അത് കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. പമ്പിംഗ് സബ്സിഡി കൊടുക്കുന്ന പുഞ്ച സ്പെഷ്യൽ ഓഫീസുകൾ അഴിമതിയുടെ കൂത്തരങ്ങാണ്. അതുകൊണ്ട് അടിയന്തിരമായി പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിറുത്തുകയും രണ്ടുമാസത്തിനുള്ളിൽ അങ്ങ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച ഈ പാഡി ബോർഡുകൾക്ക് പമ്പിംഗ് സബ്സിഡിയുടെ ചുമതല കൊടുക്കുവാനുള്ള നയപരമായ ഒരു തീരുമാനം അങ്ങ് പ്രഖ്യാപിക്കുകയും ചെയ്യുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പമ്പിംഗ് സബ്സിഡി നൽകുന്നത് പുഞ്ച സ്പെഷ്യൽ ഓഫീസുകൾ വഴിയാണ്. അത് നിറുത്തലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ പൊതു സമീപനം. എന്നിട്ട് ജോയിന്റ് ഡയറക്ടർ വഴി അത് നടപ്പാക്കാനുള്ള ചില നിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെ എല്ലാവശങ്ങളും ചർച്ച ചെയ്ത് തീരുമാനിച്ചതിനുശേഷം മാത്രമേ ഇത് നടപ്പാക്കുകയുള്ളൂ.

ശ്രീ. എം.വി. ജയരാജൻ : രണ്ട് മാസത്തിനകം പാഡി ബോർഡ് രൂപീകരിക്കുമെന്ന് ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. അത്തരത്തിൽ നെൽക്കൃഷി വികസനബോർഡ് രൂപീകരിക്കുമ്പോൾ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകൾക്ക് പ്രത്യേകമായിട്ടുള്ള പരിഗണന നൽകണം. ഇപ്പോൾ ഏജൻസികൾ നിലവിലില്ലാത്ത ജില്ലകളിൽ പ്രധാനം കോഴിക്കോടാണ്. കോഴിക്കോട് ഉൾപ്പെടെ ഈ ബോർഡിന്റെ കീഴിൽ വരത്തക്കവിധത്തിൽ പ്രത്യേകമായി നെൽക്കൃഷി വികസനത്തിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഒരു ഏജൻസി ഇപ്പോൾ ഇല്ല. കണ്ണൂരിൽ ആട്ടാംപിള്ളി ഒരു നെൽക്കൃഷി വികസന ഏജൻസിയായി രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതും ഈ ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. വികസന ഏജൻസികൾ രൂപീകരിക്കാത്ത പ്രദേശങ്ങളിലെ നെൽക്കൃഷിയുടെ സംരക്ഷണവും വികസന പ്രവർത്തനങ്ങളിലെ നെൽക്കൃഷിയുടെ സംരക്ഷണവും വികസന പ്രവർത്തനങ്ങളും ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും ആയിരിക്കും. അതിന് പ്രത്യേകം സംരക്ഷണവും ഉണ്ടായിരിക്കും.

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ സഭയിലെ അംഗമായ ശ്രീ. സത്യൻ മൊകേരി ജനറൽ സെക്രട്ടറിയായിട്ടുള്ള അങ്ങയുടെ പാർട്ടിയുടെ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന്റെ നയം എന്നു പറയുന്നത് അവരവരുടെ ഭൂമിയിൽ എന്തു കൃഷി ചെയ്യണമെന്നുള്ളത് കർഷകന്റെ അവകാശമാണെന്നുള്ള നയമാണ്. എന്റെ ചോദ്യം, മൂന്നു പുക്കൃഷിയുള്ള നെടുമ്പാശ്ശേരിയിലെ ആയിരം ഏക്കർ നെൽപ്പാടങ്ങൾ നികത്തിയാണ് ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും എയർപോർട്ട് പണിഞ്ഞിരിക്കുന്നത് റവന്യൂ മിനിസ്റ്റർ ശ്രീ. കെ.ഇ. ഇസ്മയിലിന്റെ അദ്ധ്യക്ഷതയിലാണ് ഈ തവണ അത് സ്പീഡപ് ചെയ്തത്. അത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്? ഈ കർഷകത്തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങളോ നഷ്ടപരിഹാരങ്ങളോ കൊടുത്തിട്ടുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഓരോ കർഷക സംഘത്തിനും വ്യത്യസ്തങ്ങളായ നയങ്ങളുണ്ട്. ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ഒരു നയമുണ്ട്. ആ നയമാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. അതിന്റെ ഭാഗമാണ് കൃഷിവകുപ്പ്.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ നെൽക്കൃഷി വികസനത്തെക്കുറിച്ച് ബഹുമാന്യനായ മന്ത്രി പറയുകയുണ്ടായി. മന്ത്രി എന്തുതന്നെ പറഞ്ഞാലും നെൽക്കൃഷി ആദായകരമല്ലാത്ത സാഹചര്യത്തിൽ നെൽക്കൃഷിക്കാർ നെൽക്കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികളിലേയ്ക്ക് മാറിപ്പോകുകയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ഇന്ന് പച്ചക്കറി കൃഷിക്ക് ഈ ഗവൺമെന്റ് ധാരാളം പ്രോൽസാഹനം കൊടുക്കുന്നുണ്ട്. പച്ചക്കറി കൃഷിക്ക് ഒരു ഹെക്ടർ സ്ഥലത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങൾ നെൽക്കൃഷിക്കുകൂടി കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, പച്ചക്കറി കൃഷി ഇവിടെ വിപുലപ്പെടുത്തി, ശക്തിപ്പെടുത്തിക്കൊണ്ടുവരാൻ, കർഷകരെ ആ മേഖലയിലേക്ക് കൊണ്ടുവരാൻ കഴിയണം 1200 കോടി രൂപ ഒരു വർഷം നമ്മുടെ സംസ്ഥാനത്തുനിന്നും കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്ക് പച്ചക്കറിക്കായി പോകുകയാണ്. അത് നമ്മുടെ സംസ്ഥാനത്തുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പദ്ധതിയാണ്. അതിനു വേണ്ടി രൂപീകൃതമായിട്ടുള്ളത്. അതുകൊണ്ട് അത്രകണ്ട് സബ്സിഡി കൊടുത്ത് നെൽക്കൃഷി മേഖലയ്ക്ക് മുന്നോട്ടു പോകാൻ കഴിയില്ല. എന്നാൽ സാമാന്യം കർഷകർക്ക് നിൽക്കാൻ കഴിയുന്ന ചില സംവിധാനങ്ങൾ നെൽക്കൃഷി മേഖലയിൽ ഗവൺമെന്റ് കൊണ്ടുവരുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*64) അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly